കാരണങ്ങളാൽ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുന്ന തുക മുഴുവൻ വർഷാവസാനം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്കുതന്നെ സമയബന്ധിതമായി ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുദ്യോഗസ്ഥൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.

റെയിൽവേ വികസനം

25 (*355) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നുള്ള അവഗണന കാരണം പാതയിരട്ടിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ റെയിൽവേ ലൈനിന്റെ ശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വ്യക്തമാക്കാമോ;

(ഇ) സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): (എ) പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച നിലവിലെ അവസ്ഥ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

* ചൈത്രയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതീകരണം:

ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതികരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ - കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മിഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016-നോടുകൂടി കമ്മിഷൻ ചെയ്യുകയും ചെയ്യും. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മിഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

(ബി) പാത ഇരട്ടിപ്പിക്കൽ:

മുളംകുരുത്തി - കുറുപ്പന്തറ - 2005-06

കുറുപ്പന്തറ - ചിങ്ങവനം - 2007-08

ചിങ്ങവനം - ചെങ്ങന്നൂർ - 2006-07

ഹരിപ്പാട് - അമ്പലപ്പുഴ - 2007-08

എറണാകുളം - കുമ്പളം - 2010-11

കുമ്പളം - ഇരവൂർ - 2011-12

വൈദ്യുതീകരണം:

ഷൊർണ്ണൂർ -കണ്ണൂർ - 2011-12

കണ്ണൂർ - മംഗലാപുരം - 2011-12

(സി) സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായിട്ടില്ല. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും, ഈ പണികൾക്ക് കൃത്യമായി ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലക്കാട് ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത നിരക്കിന്റെ ശതമാനം (Line Capacity Certificate) താഴെചേർക്കുന്നു:

പോടന്നൂർ - പാലക്കാട് - 127.5%

പാലക്കാട് - ഷൊർണ്ണൂർ - 101%

ഷൊർണ്ണൂർ - കോഴിക്കോട് - 88.5%

കോഴിക്കോട് - കണ്ണൂർ - 86%

കണ്ണൂർ - നേത്രാവതി - 76%

തിരുവനന്തപുരം ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത നിരക്കിന്റെ ശതമാനം (Line Capacity Certificate) താഴെ ചേർക്കുന്നു:

ഷൊർണ്ണൂർ - തൃശ്ശൂർ - 97%

തൃശ്ശൂർ - എറണാകുളം - 102%

എറണാകുളം - പിറവം റോഡ് - < 90%

പിറവം റോഡ് - ചെങ്ങന്നൂർ - 126%

കായംകുളം -ചെങ്ങന്നൂർ -82%

കായംകുളം - കൊല്ലം - 82%

കൊല്ലം - തിരുവനന്തപുരം - 74%

തിരുവനന്തപുരം-നാഗർകോവിൽ - 95%

എറണാകുളം - ആലപ്പുഴ- 108%

ആലപ്പുഴ – കായംകുളം - 95%

(ഇ) ലൈൻ ശേഷിയുടെ നൂറ് ശതമാനത്തിലധികം ഗതാഗത നിരക്കുള്ള സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സെക്ഷനുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. മറ്റ് സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സാധ്യമാണ്. പാത ഇരട്ടിപ്പിക്കൽ, പാതയുടെ വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വീസുകൾ കൂടുതൽ സുഗമമാകുമെന്ന് പ്രതീക്ഷിക്കുന്നു. 50:50 ഓഹരിയിൽ സംസ്ഥാന സർക്കാരിനോട് ചേർന്ന് സബർബൻ റെയിൽ പദ്ധതി നടപ്പാക്കണമെന്ന് റെയിൽവേയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ സാധിച്ചാൽ ഹ്രസ്വദൂര യാത്രക്കാർക്ക് കൂടുതൽ സുഗമമായ ട്രെയിൻ യാത്രാ സൗകര്യം ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly